**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4048** **17-03-2025 - ൽ മറുപടിയ്ക്ക്**

**മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോർ പൂട്ടിക്കിടക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി മണ്ഡലത്തിലെ മൂക്കന്നൂർ മാവേലി സ്റ്റോർ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം ശോചനീയമായ അവസ്ഥയിലായിരുന്നതിനാലും, കെട്ടിടത്തിന്റെ മുകൾഭാഗങ്ങളിലെ ചോർച്ച മൂലം കോൺക്രീറ്റ് അടർന്ന് വീണ് ജീവനക്കാരുടെ ജീവന് ഭീഷണിയുണ്ടായിരുന്നതിനാലും സാധന സാമഗ്രികൾക്ക് നാശനഷ്ടം സംഭവിക്കുമെന്നതിനാലുമാണ് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്തുന്നതുവരെ മൂക്കന്നൂർ മാവേലി സ്റ്റോറിന്റെ പ്രവർത്തനം താൽക്കാലികമായി നിറുത്തി വെച്ചത്. |
| (ബി) | പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പുതിയ മന്ദിരം കണ്ടെത്തി അറിയിച്ചിട്ടും മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സപ്ലൈകോയുടെ മാവേലി സ്റ്റോറിന് അനുയോജ്യമായ കെട്ടിടം ഫർണിഷിംഗ് ചെയ്ത് ആജീവനാന്ത വാടകരഹിതമായി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വിസമ്മതിച്ചിട്ടുള്ളതാണ്. കെട്ടിട വാടക കൂടി നൽകി വിൽപ്പനശാല പ്രവർത്തിപ്പിക്കുവാൻ അത്യന്തം ബുദ്ധിമുട്ടായതിനാലാണ് പ്രവർത്തനം പുന:രാരംഭിക്കാതിരിക്കുന്നത്. |
| (സി) | പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മാവേലി സ്റ്റോർ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | സപ്ലൈകോയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഫർണിഷ് ചെയ്ത കെട്ടിടം ആജീവനാന്തം വാടക രഹിതമായി ലഭ്യമായാൽ ഉടൻ വിൽപ്പനശാലയുടെ പ്രവർത്തനം പുന:രാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ